# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4249** — **24/6/2019**-ലെ മറുപടി

# വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഡിവിഷൻ ഓഫീസ് കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഡിവിഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാനിൽ നിന്നും 2014 വർഷത്തിൽ 105 ലക്ഷം രൂപയുടേയും (Phase-I) 2016-ൽ 80 ലക്ഷം രൂപയുടേയും (Phase-II) ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. Phase-I-ൽ ഉൾപ്പെട്ട ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു.<br>Phase-II-ൽ സെക്കന്റ് ഫ്ലോറിന്റെയും തേർഡ് ഫ്ലോറിന്റെയും നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിലുണ്ടായ കാലതാമസം എന്താണെന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന് എന്ന് അംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) ഇല്ല;<br>കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ എക്സസും പ്ലാനിൽ ഉണ്ടായിട്ടുള്ള ചില വ്യതിയാനം മൂലവുമുണ്ടായ അധിക തുക ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് കമ്മിറ്റി ആവശ്യപ്പെട്ട അധിക വിവരവും രേഖകളും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായി. തുടർന്ന് 30/5/2019-ൽ വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭ്യമായ റിവൈസ്ഡ് |

എസ്റ്റിമേറ്റ് പരിശോധിച്ച് ബോർഡ് യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/